**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാംപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2546 — 12.03.2020 ൽ മറുപടിയ്ക്ക്

## മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഐ.ടി.ഐ.ക്ക് കെട്ടിടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.എ.അഹമ്മദ് കബീർ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഐ.ടി.ഐ.ക്ക് സർക്കാർ നൽകിയ 1.07 ഏക്കർ ഭൂമിയിൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | **(എ)** പുഴക്കാട്ടിരി ഐ.ടി.ഐ.യ്ക്ക് സർക്കാർ അനുവദിച്ച് നൽകിയ 1.07 ഏക്കർ ഭൂമിയുടെ അതിർത്തി നിർണ്ണയിച്ച് റവന്യൂസ്കെച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർവ്വേ സ്കെച്ച് ലഭ്യമായി മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ പ്രവർത്തികൾക്കുള്ള നടപടികൾ സ്വീകരിക്കും. |
| **(ബി)** ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; | **(ബി)** വിവിധ ഐ.ടി.ഐ.കളുടെ കെട്ടിട നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകത്തിൽ (ക്യാപിറ്റൽ ഹെഡ്) ആകെ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| **(സി)** കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **(സി)** കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ